Note Submitted.

Lr No. CSC Level Safety Meeting minutes/2023-24

No. K.S.E.B. LTD. 6/7/2023.

Sir,

Sub:- CSC Level Safety Meeting conducted on 6/6/2023 (Distribution). Reg.

Pls see the draft minutes of the subject meeting. The same is submitting for approval.

6/7/2023.

14/07

12/7

14/7

CE(DS)/SP/LO-15/20-21dt 27-1-2021
Athira Printers,10,000 pads

"ഭരണഭാഷ മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004,കേരള

CIN:U40100KL2011SGC027424 വെബ്സൈറ്റ്: www.kseb.in

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ടെലഫോൺ നമ്പർ: 0471 2514554 ഇമെയിൽ : safety@kseb.in

Lr no: CSC Level Safety Meeting Minutes/2023-24/100 dtd 14-07-2023

06-06-23 നു പകൽ 10. 30 ന് വീഡിയോ കോൺഫറൻസ് മുഖേനെ കൂടിയ സി എസ് സി ലെവൽ സുരക്ഷാ യോഗത്തിന്റെ നടപടി കുറിപ്പ്. (വിതരണ വിഭാഗം)

പങ്കെടുത്തവർ

വിതരണ വിഭാഗത്തിലെ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ ., ചീഫ് സേഫ്റ്റി ഓഫീസർമാർ , സേഫ്റ്റി ഓഫീസർമാർ

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അധ്യക്ഷതയിൽ പകൽ 10.30-ന് വീഡിയോ കോൺഫറൻസിംഗിലൂടെ യോഗ നടപടികൾ ആരംഭിച്ചു. അധ്യക്ഷൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

അധ്യക്ഷൻ

- ജൂൺ 26 മുതൽ ഒരാഴ്ച വൈദ്യുത സുരക്ഷാ വാരമായി ആചരിക്കേണ്ടതുണ്ട്.
- സുരക്ഷാ ദിനം ആയ ജൂൺ 26 ന്, 2022 വർഷം അപകടരഹിതമായിരുന്ന ഇലക്ട്രിക്കൽ ഡിവിഷനെ അനുമോദിക്കുന്നതിനായി തീരുമാനിച്ചിരിക്കുകയാണ്. അന്നേദിവസം വൈദ്യുത ഭവനിൽ ബഹുമാനപ്പെട്ട വൈദ്യുത മന്ത്രിയും കെഎസ്ഇബിഎൽ ചെയർമാനും പങ്കെടുക്കുന്ന ചടങ്ങിൽ വെച്ച് അപകടരഹിതമായ ഇലക്ട്രിക്കൽ ഡിവിഷന് സമ്മാനം നൽകുന്നതായിരിക്കും .ഈ ചടങ്ങിൽ എല്ലാ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാരും ചീഫ് സേഫ്റ്റി ഓഫീസർമാരും പങ്കെടുക്കേണ്ടതാണ്. ആയതിന്റെ കൂടുതൽ വിശദാംശങ്ങൾ എല്ലാവരെയും അറിയിക്കുന്നതായിരിക്കും.

മീറ്റിംഗ് റിവ്യൂ പീരിയഡിൽ പൊതുജനങ്ങൾക്ക് കൂടുതൽ അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്.

ഫെബ്രുവരി മുതൽ ഏപ്രിൽ വരെ സംഭവിച്ച അപകടങ്ങൾ അധ്യക്ഷൻ വിശദീകരിച്ചു .

പ്രീ മൻസൂൻ മെയിൻറനൻസ് വർക്കുകൾ പൂർത്തിയാക്കേണ്ടതാണ് .പൂർത്തിയാക്കിയിട്ടില്ലെങ്കിൽ യുദ്ധകാല അടിസ്ഥാനത്തിൽ പ്രസ്തുത വർക്കുകൾ പൂർത്തിയാക്കേണ്ടതാണ്. ഈ വർഷം ഇനിയെങ്കിലും അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി എല്ലാവരും ശ്രമിക്കേണ്ടതാണ് .

മീറ്റിങ്ങിനോടനുബന്ധിച്ച് പവർ പോയിൻറ് പ്രസന്റേഷൻ സുരക്ഷാ വിഭാഗത്തിലെ അസിസ്റ്റൻറ് എൻജിനീയർ അനന്തകൃഷ്ണൻ അവതരിപ്പിച്ചു.

അധ്യക്ഷൻ

- സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും PPE ഉപയോഗിക്കാത്തതിനാലും ജീവനക്കാർക്ക് അപകടങ്ങൾ സംഭവിച്ചിട്ടുള്ളതായി അവലോകനങ്ങളിൽ നിന്നും മനസ്സിലാകുന്നു.
- പൊതുജനങ്ങൾക്ക് സംഭവിക്കുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായി പൊതുജന ബോധവൽക്കരണ പരിപാടികൾ കൂടുതലായി സംഘടിപ്പിക്കേണ്ടതാണ്.
- ജീവനക്കാർക്ക് സംഭവിക്കുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ വൈദ്യുത ജോലികൾ ചെയ്യുവാൻ പാടുള്ളൂ എന്ന് അധ്യക്ഷൻ നിർദ്ദേശം നൽകി .
- സേഫ്റ്റി വീക്കിനോടനുബന്ധിച്ച് ബോർഡ് ഉത്തരവ് പ്രകാരമുള്ള സുരക്ഷാ പരിപാടികൾ സംഘടിപ്പിക്കുന്നതിനും അധ്യക്ഷൻ നിർദ്ദേശം നൽകി.
- ആക്സിഡൻറ് വോൾട്ട് സിസ്റ്റം Others-ൽ ഉൾപ്പെടുത്തേണ്ടുന്ന അപകടങ്ങളെ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും .
- സ്മാർട്ട് സോഫ്റ്റ്‌വെയറിൽ അപകട കാരണത്തെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും കൃത്യമായി ചേർക്കുന്നതിന് നിർദ്ദേശം നൽകി. സ്മാർട്ട് സോഫ്റ്റ്‌വെയറിൽ നൽകുന്ന വിശദാംശങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും .

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ,നോർത്ത് മലബാർ

- മേഖലയ്ക്ക് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.

- മേഖലയ്ക്ക് കീഴിൽ നടപ്പിലാക്കിയ സുരക്ഷാപ്രവർത്തനങ്ങൾ വിശദീകരിച്ചു.
- അപ്രൂവ്ഡ് സൈസിനേക്കാൾ കുറഞ്ഞ സൈസിൽ ഉള്ള എബിസിയുടെ റേറ്റ് യൂണിഫോം ആക്കുന്നതിനായി ,യൂണിഫോം റേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഭ്യർത്ഥിച്ചു .
- സോളാർ ഉപഭോക്താക്കളുടെ സോളാർ ഐസലേറ്ററുകൾ പോസ്റ്റുകളിൽ ഘടിപ്പിക്കുന്നതിനായി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു .

അധ്യക്ഷൻ

- പ്രസ്തുത വിഷയം REES വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതായിരിക്കും എന്ന് മറുപടി നൽകി.

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ നോർത്ത്

- മേഖലയ്ക്ക് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു .
- പാലക്കാട് ജില്ലയിൽ കൂടുതൽ അപകടങ്ങൾ ഉണ്ടായിട്ടുണ്ട് .
- നിലമ്പൂർ സർക്കിളിൽ ചീഫ് സേഫ്റ്റി ഓഫീസറുടെ പോസ്റ്റും വാഹനവും ഇല്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.
- മേഖലയ്ക്ക് കീഴിൽ നടത്തിയ സുരക്ഷാപ്രവർത്തനങ്ങൾ വിശദീകരിച്ചു.
- പോസ്റ്റുകളുടെ ഗുണനിലവാരക്കുറവ് മൂലം അപകടങ്ങൾ സംഭവിക്കുന്നുണ്ട്.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ എറണാകുളം ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ

- സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങളും സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു.

ചീഫ് എൻജിനീയർ, ഡിസ്ട്രിബ്യൂഷൻ സൗത്ത് കാര്യാലയത്തിലെ എക്സിക്യൂട്ടീവ് എൻജിനീയർ ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ

- മേഖലയിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു. മേഖലയ്ക്ക് കീഴിൽ സംഘടിപ്പിച്ച സുരക്ഷാപ്രവർത്തനങ്ങൾ വിശദീകരിച്ചു .
- ജിയോ പോളുമായി ബന്ധപ്പെട്ട ഒത്തിരി പരാതികൾ ലഭിച്ചിട്ടുണ്ട്.

അധ്യക്ഷൻ

- വൈദ്യുത പ്രതിഷ്ഠാപനങ്ങൾക്ക് സമീപം ആവശ്യമായ സുരക്ഷ ക്ലിയറൻസ് പാലിക്കാതെ സ്ഥാപിച്ചിരിക്കുന്ന ജിയോ പോളുകൾ മാറ്റുന്നതിനെ സംബന്ധിച്ച് ഒരു ഹയർ ലെവൽ മീറ്റിങ്ങ് സർക്കാരിൽ നിന്ന് ഷെഡ്യൂൾ ചെയ്തിരുന്നു. എന്നാൽ മീറ്റിങ്ങ് ഷെഡ്യൂൾ ചെയ്തിരുന്ന അന്നേദിവസം മാറ്റിവെക്കുകയാണ് ഉണ്ടായത്.

- വൈദ്യുത പ്രതിഷ്ഠാപനങ്ങൾക്ക് സമീപം സ്ഥാപിച്ചിരിക്കുന്ന ജിയോ പോളുകൾ സി ഇ എ സുരക്ഷാ റെഗുലേഷൻ പാലിച്ച് മാത്രം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി ഗവൺമെന്റിലേക്ക് പ്രസ്തുത വിഷയം ടേക്ക് അപ്പ് ചെയ്യുന്നതായിരിക്കും.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ പെരുമ്പാവൂർ

- ജിയോ പോളുകളുമായി ബന്ധപ്പെട്ട പരാതികളിൽ മിക്കവാറും എല്ലാ ജില്ലകളിലും എ ഡി എം KSEBL നു അനുകൂല ഉത്തരവാണ് ലഭിച്ചിട്ടുള്ളത്. ഈ ഉത്തരവുകൾ നടപ്പാക്കുന്നതിനായി ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുന്നത് നന്നായിരിക്കും എന്ന് അഭിപ്രായപ്പെട്ടു.

ചീഫ് സേഫ്റ്റി ഓഫീസർ, ഇലക്ട്രിക്കൽ സർക്കിൾ തിരുവനന്തപുരം

- തിരുവനന്തപുരം ജില്ലയിൽ ADM ന്റെ വിധിക്കെതിരെ ജിയോ കമ്പനിക്കാർ ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചു .

ചീഫ് സേഫ്റ്റി ഓഫീസർ, ഇലക്ട്രിക്കൽ സർക്കിൾ, കണ്ണൂർ

- സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- സർക്കിളിനു കീഴിൽ സംഘടിപ്പിച്ച സുരക്ഷാപ്രവർത്തനങ്ങൾ വിശദീകരിച്ചു
- ചൊക്ലി സെക്ഷനു കീഴിൽ സംഭവിച്ച അപകട മരണത്തിനുശേഷം സ്വീകരിച്ച നടപടികൾ അധ്യക്ഷൻ അന്വേഷിച്ചു.

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ,നോർത്ത് മലബാർ

- അപകടം നടന്നതിന്റെ പിറ്റേദിവസം ഒരു യോഗം സംഘടിപ്പിച്ചു. യോഗത്തിൽ NHAI

വർക്കുകൾക്ക് പലപ്പോഴും KSEBL സൂപ്പർവൈസറുടെ അഭാവത്തിലും പെർമിറ്റ് വർക്ക് ഇല്ലാതെയും ആണ് ചെയ്യാറുള്ളത്.

- സെക്ഷൻ ഓഫീസുകളിൽ രേഖാമൂലം അറിയിച്ച സൂപ്പർവൈസറുടെ സാന്നിധ്യത്തിൽ മാത്രമേ NHAI ലൈൻ ഷിഫ്റ്റിംഗ് പ്രവർത്തികൾ ചെയ്യുവാൻ പാടുള്ളൂ എന്ന് കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ ശ്രീകണ്ഠാപുരം

- സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങളും സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ കൽപ്പറ്റ

സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങളും സംഘടിപ്പിച്ച സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ കാസർഗോഡ്

- സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങളും സംഘടിപ്പിച്ച സുരക്ഷാപ്രവർത്തനങ്ങളും വിശ്ദീകരിച്ചു.
- കാസർഗോഡ് ഇലക്ട്രിക്കൽ സർക്കിളിന് കീഴിലെ സെക്ഷൻ ഓഫീസുകളിൽ സ്ഥിര ജീവനക്കാരുടെ എണ്ണം 50 ശതമാനത്തിലും താഴെയാണ്. പ്രസ്തുത വിഷയം സ്ഥലംമാറ്റം വരുമ്പോൾ പരിഗണിക്കുവാൻ അഭ്യർത്ഥിച്ചു .

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ തിരുവനന്തപുരം

- സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങളും സംഘടിപ്പിച്ച സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു.
- സർക്കിളിന് കീഴിൽ ഇന്റർ ലിങ്കിംഗ് പോസ്റ്റ് പെയിൻറിംഗ്, ഡെഡ് സ്പാൻ വലിക്കൽ എന്നിവ 100% പൂർത്തിയായിട്ടുണ്ട് .ജിയോ പോൾ സംബന്ധിച്ച വിഷയം ബോർഡ്

തലത്തിൽ ഏറ്റെടുക്കേണ്ടതാണ്.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ പത്തനംതിട്ട

- പത്തനംതിട്ട സർക്കിളിന് കീഴിലെ സുരക്ഷാ പ്രവർത്തനങ്ങൾ വിശദീകരിച്ചു.
- പത്തനംതിട്ട സർക്കിളിന് കീഴിലെ മലയോര മേഖലകളിൽ വന്യജീവി ആക്രമണം കൂടുതലായിട്ടുണ്ട്. മലയോര മേഖലകളിലെ സെക്ഷൻ ഓഫീസുകളിൽ ഫീൽഡ് ജീവനക്കാർക്ക് ജോലിക്കിടയിലെ വന്യജീവി ആക്രമണം തടയുന്നതിനായി ജീപ്പുകളിലെ യാത്ര ചെയ്യാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.
- ലൈൻ കൺസ്ട്രക്ഷൻ സ്റ്റാൻഡേർഡ് - നിർദ്ദേശങ്ങൾ അയച്ചു തന്നിട്ടുള്ളതായി അറിയിച്ചു. സർക്കിൾ തലത്തിൽ എങ്കിലും ഒരു സേഫ്റ്റി വിംഗ് രൂപീകരിക്കേണ്ടതാണ്.
- മഴ നനയുന്നത് മൂലമുള്ള സുരക്ഷാ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി EV ചാർജിങ് സ്റ്റേഷനുകൾക്ക് റൂഫിംഗ് നൽകുന്നതിനായി നിർദ്ദേശം നൽകേണ്ടതാണ്.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ കൊല്ലം

- കൊല്ലം സർക്കിളിന് കീഴിൽ സംഘടിപ്പിച്ച സുരക്ഷാപ്രവർത്തനങ്ങൾ വിശദീകരിച്ചു. സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- കൊല്ലം കോർപ്പറേഷന് കീഴിൽ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി ബിപിഎൽ വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്ക് ELCB സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് മേയർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ബോർഡ് തലത്തിൽ പരിഗണിക്കേണ്ടതാണ്.
- സെക്ഷൻ ഓഫീസുകളിലെ ജീപ്പുകൾ വർക്ക് സൈറ്റുകളിൽ പോകുമ്പോൾ മൈക്ക് അനൗൺസ്മെൻറ് നടത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് .
- ഫീൽഡ് ജീവനക്കാർക്ക് വർക്ക് ഷോപ്പ്, സേഫ്റ്റി ക്വിസ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. സേഫ്റ്റി ക്വിസ്സിലെ വിജയികളെ സേഫ്റ്റി അംബാസിഡർ ആയി നിയമിച്ചിട്ടുണ്ട്.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ ,കാട്ടാക്കട

- കാട്ടാക്കട സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.

- ലൈനുകൾക്ക് സമീപം സുരക്ഷാ ക്ലിയറൻസ് പാലിക്കാതെ സ്ഥിതി ചെയ്യുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി കത്തുകൾ നൽകിയിട്ടും പലപ്പോഴും ഉടമസ്ഥൻ മുറിച്ചു മാറ്റാറില്ല. ഇത് സംബന്ധിച്ച പരാതികൾ ADM ന് നൽകുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വ്യക്തമായ മാർഗനിർദ്ദേശം ലഭ്യമാക്കിയാൽ നന്നായിരുന്നു.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ കൊട്ടാരക്കര

- കൊട്ടാരക്കര സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങളും സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ കോട്ടയം

- കോട്ടയം സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങളും സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഇൻ ചാർജ് ഓഫ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ പാലാ

- പാലാ സബ് ഡിവിഷനു കീഴിൽ സംഭവിച്ച അപകടങ്ങളും സംഘടിപ്പിച്ച സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു.

ചീഫ് സേഫ്റ്റി ഓഫീസർ, ഇലക്ട്രിക്കൽ സർക്കിൾ, കോഴിക്കോട്

- കോഴിക്കോട് സർക്കിളിനു കീഴിൽ സംഭവിച്ച അപകടം വിശദീകരിച്ചു.
- സർക്കിളിനു കീഴിൽ സംഘടിപ്പിച്ച സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു.
- വൈദ്യുത സുരക്ഷ സംബന്ധിച്ച തെരുവ് നാടകം "ഈ വെളിച്ചത്തിന് എന്ത് കുറുപ്പാണ്" എല്ലാ സെക്ഷൻ ഓഫീസുകളിലും സംഘടിപ്പിച്ചിരുന്നു. ഈ തെരുവ് നാടകത്തിന് വളരെയധികം പ്രശംസ ലഭിക്കുകയും വൈദ്യുത സുരക്ഷ ജനങ്ങളിലേക്ക് കൂടുതലായി എത്തിച്ചേരുന്നതിന് സഹായിക്കുകയും ചെയ്തിട്ടുണ്ട്.
- പോലീസുകാർക്ക് വൈദ്യുത സുരക്ഷ സംബന്ധിച്ച TOT ട്രെയിനിങ്ങുകൾ കോഴിക്കോട് സർക്കിളിൽ സംഘടിപ്പിച്ചിട്ടുണ്ട്.
- വൈദ്യുത പോസ്റ്റിൽ രണ്ടിൽ കൂടുതൽ കേബിളുകൾ വലിക്കുകയാണെങ്കിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് സേഫ്റ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ല. അതിനാൽ അനധികൃത കേബിളുകൾ റെഗുലറൈസ് ചെയ്യുവാൻ പറ്റാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ മാർഗ്ഗനിർദ്ദേശം അഭ്യർത്ഥിച്ചു.

- ജിയോ പോളുകൾ സംബന്ധിച്ച് എ ഡി എം വിളിച്ചുചേർത്ത യോഗത്തിൽ ജിയോ കമ്പനിക്കാർ അവരുടെ പോളുകൾ ഡൈ ഇലക്ട്രിക് കോട്ടിംഗ് ഉപയോഗിച്ച് ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തെ എതിർത്തുകൊണ്ടുള്ള കാര്യങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു.
- ഹോട്ട് ലൈൻ മെയിൻറനൻസിനെ കുറിച്ചുള്ള ട്രെയിനിങ്ങുകൾ ജീവനക്കാർക്ക് സംഘടിപ്പിച്ചാൽ നന്നായിരിക്കും എന്ന് അഭിപ്രായപ്പെട്ടു
- PTW ഫോർമാറ്റ്, വർക്ക് ഓതറൈസേഷൻ രജിസ്റ്റർ എന്നിവ സംബന്ധിച്ച് വ്യക്തത ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതുവരെ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചു.

<u>അധ്യക്ഷൻ</u>

- ഒരു പോസ്റ്റിൽ വലിക്കുവാൻ സാധിക്കുന്ന പരമാവധി കേബിളുകളുടെ എണ്ണത്തെ സംബന്ധിച്ചുള്ള വിഷയം അടുത്ത സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മായി ചർച്ച ചെയ്തശേഷം തീരുമാനിക്കുന്നതാണ് എന്ന് മറുപടി നൽകി .

- ജിയോ പോളുകൾ ബോർഡ് പ്രതിഷ്ഠാപനങ്ങളുടെ റൈറ്റ് ഓഫ് വെയിൽ സ്ഥാപിക്കുന്നതിന് അനുവദിക്കാത്ത രീതിയിൽ നമുക്ക് മുന്നോട്ടു പോകേണ്ടതുണ്ട് .

- PTW ഫോർമാറ്റ് standerdised ചെയ്യുന്നതിനായി ഡിസ്ട്രിബ്യൂഷൻ ഡയറക്ടർക്ക് നോട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഫോർമാറ്റ് ഫൈനലൈസ് ചെയ്യുന്നതിനായുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതായിരിക്കും.
- ഹോട്ട് ലൈൻ മെയിൻറനൻസ് ചർച്ച ചെയ്ത ശേഷം തീരുമാനിക്കുന്നതാണ്.

<u>അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ,പി എം യു, ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ,നിലമ്പൂർ</u>

- നിലമ്പൂർ സർക്കിളിന് കീഴിൽ പി എം യു എക്സിക്യൂട്ടീവ് എൻജിനീയറുടെ പോസ്റ്റ് നിലവിലില്ല. ആയതിനാൽ വാഹനവും ലഭ്യമല്ല എന്നറിയിച്ചു. പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചു.
- സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങളും സംഘടിപ്പിച്ച

സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു.

ചീഫ് സേഫ്റ്റി ഓഫീസർ, ഇലക്ട്രിക്കൽ സർക്കിൾ, പാലക്കാട്

- പാലക്കാട് സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- ഇൻറർ സബ് ഡിവിഷൻ ഇൻസ്പെക്ഷനുകൾ സ്മാർട്ടിൽ എന്റർ ചെയ്യുന്നതിന് സാധിക്കുന്നില്ല. കൽപ്പാത്തി ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അദ്ദേഹത്തിന്റെ സബ് ഡിവിഷനു കീഴിലെ ജീവനക്കാർക്കു നോൺ കോൺടാക്ട് ടെസ്റ്റർ വാങ്ങി നൽകിയിട്ടുണ്ട് .
- പലപ്പോഴും കരാറുകാർ, കരാർ തൊഴിലാളികളുടെ ഇൻഷുറൻസ് പരിരക്ഷ പുതുക്കാറില്ല. ആയതിനാൽ വർക്ക് ഓർഡറുകളിൽ ഇൻഷുറൻസ് പരിരക്ഷ കൂടി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
- പറളി സെക്ഷൻ ഓഫീസിനു കീഴിൽ കരാർ ജീവനക്കാരൻ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്-ന്റെ റിപ്പോർട്ട് പ്രകാരം 33 കെ വി ലൈനിന്റെ അധികാരിയായ പെരിങ്ങോട്ടുകുറിശ്ശി സെക്ഷനിലെ അസിസ്റ്റൻറ് എൻജിനീയർക്കെതിരെ 304 വകുപ്പ് പ്രകാരം കുറ്റം ചുമത്തിയിട്ടുണ്ട്.
- പ്രസ്തുത അപകടം അനധികൃത കേബിളിലെ ജി ഐ വയർ Apole ൽ വലിച്ചിരുന്നത് മൂലമാണ് സംഭവിച്ചത്. പ്രസ്തുത അപകടത്തിൽ 304 വകുപ്പ് ചാർത്തിയത് ജീവനക്കാരുടെ മനോധൈര്യത്തെ സാരമായി ബാധിക്കുന്നതാണ്.
- പ്രസ്തുത Apole ൽ വലിച്ചിരുന്ന അനധികൃത കേബിളുകൾ നീക്കം ചെയ്തതായും റിപ്പോർട്ട് ചെയ്തു

അധ്യക്ഷൻ

- പ്രസ്തുത വിഷയം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്-ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് എന്ന് മറുപടി നൽകി.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ ഷോർണ്ണൂർ

- ഷോർണ്ണൂർ സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- സർക്കിളിന് കീഴിൽ സംഘടിപ്പിച്ച സുരക്ഷാപ്രവർത്തനങ്ങൾ വിശദീകരിച്ചു.
- പൊതുജനങ്ങൾക്കായി വൈദ്യുത സുരക്ഷാ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് സുരക്ഷാ സർവ്വേ നടത്തിയിട്ടുണ്ട് .

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ തിരൂർ

- തിരൂർ സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- കരാറുകാർ ലൈസൻസ് എടുക്കുന്നതിനായി വിമുഖത കാണിക്കുന്നുണ്ട് .
- സർക്കിളിന് കീഴിൽ സംഭവിച്ച സുരക്ഷാപ്രവർത്തനങ്ങൾ വിശദീകരിച്ചു .
- സുരക്ഷാ സർവേ പൊതുജനങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്.
- ജില്ല ഭരണകൂടത്തിന്റെ പക്കൽ നിന്നും ജിയോ കമ്പനിക്കാർക്ക് അനുകൂല നിലപാടാണ് സ്വീകരിക്കുന്നത് .

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ഡിസ്ട്രിബ്യൂഷൻ നോർത്ത്

- കോഴിക്കോട് എ ഡി എം, 5-6-2023 തീയതിയിൽ ജിയോ കമ്പനിക്ക് അനുകൂലമായി ഇൻസുലേറ്റഡ് പോളുകൾ വൈദ്യുത പ്രതിഷ്ഠാപനങ്ങൾക്ക് സമീപം ഉപയോഗിക്കുന്നതിനായി ഉത്തരവ് ഇറക്കിയിട്ടുണ്ട് .

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ മഞ്ചേരി

- മഞ്ചേരി സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- ഓവർസിയർ വരെയുള്ള വർക്ക് സൂപ്പർവൈസർക്ക് പുതിയ കൺസ്ട്രക്ഷൻ സ്റ്റാൻഡേർഡ് നിലവിൽ വരുമ്പോൾ ടെയിനിങ് സെൻററുകളിൽ വെച്ച് ടെയിനിങ് സംഘടിപ്പിക്കുന്നതിന് അഭ്യർത്ഥിച്ചു.
- ഒഫീഷ്യൽ വാഹനങ്ങൾ hire ചെയ്യുമ്പോൾ ഡോക്യുമെന്റുകൾ കൃത്യമല്ല എങ്കിൽ ഇത്തരം വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾക്ക് കൃത്യമായ ഇൻഷുറൻസ് പരിരക്ഷ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട് .ഈ വിഷയം ശ്രദ്ധിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.
- സർക്കിളിനു കീഴിൽ ഉപഭോക്താക്കളുടെ എണ്ണവും ഏരിയയും കൂടുതൽ ഉള്ള സെക്ഷൻ ഓഫീസുകളിൽ സ്റ്റാഫ് സ്ട്രെങ്ത് കൂടുതലായി അനുവദിക്കേണ്ടതാണ് എന്ന് അഭിപ്രായപ്പെട്ടു.
- പൊതുജന ബോധവൽക്കരണത്തിനായി സേഫ്റ്റി സർവ്വേ നടത്തിയിട്ടുണ്ട്.
- 2022 വർഷം അപകടരഹിതമായിരുന്ന ഇലക്ട്രിക്കൽ സെക്ഷനുകൾ അനുമോദിക്കുന്നതിന് ചടങ്ങ് സംഘടിപ്പിക്കുന്നുണ്ട്.

- ഡിവിഷൻ തല സുരക്ഷാ മീറ്റിങ്ങുകളിൽ എല്ലാ സംഘടന പ്രതിനിധികളെയും പങ്കെടുപ്പിക്കാവുന്നതാണോ എന്ന സംശയം ഉന്നയിച്ചു .

അധ്യക്ഷൻ

പ്രസ്തുത വിഷയത്തിൽ കൃത്യമായ നിർദ്ദേശം നൽകുന്നതായിരിക്കും എന്ന് മറുപടി നൽകി.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ വടകര

- വടകര സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു. സർക്കിളിനു കീഴിലെ സുരക്ഷാപ്രവർത്തനങ്ങൾ വിശദീകരിച്ചു .
- വടകര സർക്കിളിനു കീഴിൽ സൂപ്പർവൈസറുടെ ചാർജ് കൂടി ഉൾപ്പെടുത്തി കോസ്റ്റ് ഡേറ്റ റിവൈസ് ചെയ്താൽ മാത്രമേ കരാറുകാർ ലൈസൻസ് എടുക്കുകയുള്ളൂ എന്ന് തീരുമാനിച്ചിരിക്കുകയാണ്. അതിനാൽ കരാറുകാർ ആരും ലൈസൻസ് എടുത്തിട്ടില്ല .
- ജിയോ പോളുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് എഡിഎം ജിയോ കമ്പനിക്കാർക്ക് അനുകൂലമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത് .

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ തൃശ്ശൂർ

- തൃശ്ശൂർ സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു .
- സർക്കിളിനു കീഴിൽ സംഘടിപ്പിച്ച സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു .
- ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി സർക്കിളിന് കീഴിൽ ഒരു quick response team രൂപീകരിച്ചിട്ടുണ്ട് .
- ജിയോ പോളുമായി ബന്ധപ്പെട്ട പരാതികൾ എഡിഎമ്മിന് സമർപ്പിച്ചിട്ടുണ്ട്.
- 2022 വർഷം അപകടരഹിതമായിരുന്ന സെക്ഷൻ ഓഫീസുകളെ അനുമോദിക്കുന്നതിനായി ചടങ്ങ് സംഘടിപ്പിച്ചിട്ടുണ്ട് .

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ തൊടുപുഴ

- തൊടുപുഴ സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു. സർക്കിളിനു കീഴിലെ സുരക്ഷാ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഉയരം കൂടുതൽ ഉള്ള പ്രദേശങ്ങളിൽ സ്പേയ്സറുകൾ സ്ഥാപിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.
- ജിയോ പോളിനും കെ-ഫോണിനും സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്.
- വാഴത്തോപ്പ് സബ് ഡിവിഷനിൽ മൂന്ന് വർഷമായി സേഫ്റ്റി ഓഫീസറെ നിയമിച്ചിട്ടില്ല.

വരുന്ന ജനറൽ ട്രാൻസ്ഫറിൽ എങ്കിലും സേഫ്റ്റി ഓഫീസറെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ പെരുമ്പാവൂർ

പെരുമ്പാവൂർ സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു. സർക്കിളിനു കീഴിലെ സുരക്ഷാപ്രവർത്തനങ്ങളും വിശദീകരിച്ചു.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ ഹരിപ്പാട്

ഹരിപ്പാട് സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങളും സംഘടിപ്പിച്ച സുരക്ഷാ പ്രവർത്തനങ്ങളും വിശദീകരിച്ചു.

ചീഫ് സേഫ്റ്റി ഓഫീസർ, ഇലക്ട്രിക്കൽ സർക്കിൾ, ആലപ്പുഴ

ആലപ്പുഴ സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.

സർക്കിളിന് കീഴിൽ സംഭവിച്ച സുരക്ഷാ പ്രവർത്തനങ്ങളും വിശദീകരിച്ചു.

അധ്യക്ഷൻ

സൺറൈസ് മീറ്റിങ്ങുകളിൽ കോൺട്രാക്ട് ജീവനക്കാരെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

എല്ലാ ജീവനക്കാരും വർക്ക് സൈറ്റിൽ കൃത്യമായി പിപിഇ ഉപയോഗിക്കേണ്ടതാണ്.

യോഗത്തിൽ പങ്കെടുത്ത എല്ലാ ജീവനക്കാർക്കും അധ്യക്ഷൻ നന്ദി അറിയിച്ചു .

പകൽ രണ്ടു പതിനഞ്ചിന് യോഗ നടപടികൾ അവസാനിച്ചു.

അധ്യക്ഷൻ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു .

- പകൽ 2.30 ന് യോഗനടപടികൾ അവസാനിച്ചു.

ചീഫ് സേഫ്റ്റി കമ്മീഷണർ

പകർപ്പ് സമർപ്പണം : ഡയറക്ടർ (ട്രാൻസ്മിഷൻ ,സിസ്റ്റം ഓപറേഷൻ , പ്ലാനിംഗ്) / (ഡിസ്ട്രിബ്യൂഷൻ , എസ്.സി,എം & സേഫ്റ്റി)/ (ജനറേഷൻ ഇലക്ട്രിക്കൽ)

പകർപ്പ് : 1.ഉത്പാദന , പ്രസരണ , വിതരണ വിഭാഗങ്ങളിലെ ചീഫ് എൻജിനീയർമാർ .

2. TA To C.M.D, KSEBL

3. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും.